(ഡി) 810 കോടി രൂപയുടെ ഹെൽത്ത് സിസ്റ്റം പ്രോജക്ടിൽ ജില്ലാ താലൂക്ക് ആശുപത്രികൾ, ജനറൽ ആശുപത്രികൾ, സ്പെഷ്യാലിറ്റി ആശുപത്രികൾ, കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകൾ എന്നീ ആരോഗ്യ സ്ഥാപനങ്ങളുടെ ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തുവാനാണ് ഉദ്ദേശിക്കുന്നത്. മെഡിക്കൽ കോളേജുകളുടെയും അനുബന്ധ ആശുപത്രികളുടെയും വികസനത്തിനായി 128 കോടി രൂപയുടെ പദ്ധതിയാണ് തയ്യാറാക്കി ലോക ബാങ്കിന് സമർപ്പിച്ചിട്ടുള്ളത്. ആയത് ലോകബാങ്കിന്റെ പരിഗണനയിലാണ്. ലോകബാങ്കിന്റെ അംഗീകാരം ലഭിച്ചുകഴിഞ്ഞാലേ വിശദവിവരങ്ങൾ ലഭ്യമാകൂ.

(ഇ — എച്ച്) ആരോഗ്യ മേഖലയുടെ സമഗ്ര വികസനത്തിനായി സംസ്ഥാന സർക്കാർ തയ്യാറാക്കി സമർപ്പിച്ച ഹെൽത്ത് സിസ്റ്റം പ്രോജക്ട് കേന്ദ്ര സർക്കാരിന്റെ ആരോഗ്യ, ധനകാര്യ വകുപ്പുകളുടെ അംഗീകാരത്തിനുശേഷം ലോകബാങ്കിന്റെ പരിഗണനയ്ക്കും അംഗീകാരത്തിനുമായി സമർപ്പിച്ചിരിക്കുകയാണ്.

ആശുപത്രികളിലെ ഖരമാലിന്യങ്ങൾ നീക്കം ചെയ്യുന്നതിന് അടിയന്തിര നടപടി

121 [5266] ശ്രീ. റോഷി അഗസ്റ്റിൻ:
,, തോമസ് ചാഴികാടൻ:
,, കെ. നാരായണക്കുറുപ്പ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എല്ലാ ആശുപത്രികളിലും ഖരമാലിന്യങ്ങൾ സംസ്ക്കരിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ ശാസ്ത്രീയമായി ഖരമാലിന്യങ്ങൾ സംസ്ക്കരിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) സംസ്ഥാനത്തെ പ്രധാനപ്പെട്ട സർക്കാർ ആതുരാലയങ്ങളുടെ പരിസരങ്ങൾ വിവിധതരം മാലിന്യങ്ങൾ കുമിഞ്ഞുകൂടി വൃത്തിഹീനമായിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇത്തരം മലിനീകരണം പല പകർച്ചവ്യാധികൾക്കും ഇടയാകുമെന്നുള്ളതിനാൽ ഈ മാലിന്യങ്ങൾ നീക്കം ചെയ്യുന്നതിനും സംസ്ക്കരിക്കുന്നതിനും അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ മിക്ക പ്രമുഖ ആശുപത്രികളിലും ഖരമാലിന്യങ്ങൾ സംസ്ക്കരിക്കുന്നതിനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.

(ബി) നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ഉണ്ട്.

(ഡി) നടപടികൾ സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly